പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2163 **26-10-2026-ൽ മറുപടിയ്ക്ക്**

ഗ്രാമപഞ്ചായത്തുകളിലെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ 505 ഗ്രാമപഞ്ചായത്തുകളിൽ 2022-ൽ താൽക്കാലികമായി സൃഷ്ടിച്ച ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II(പി.എച്ച്.ഐ ഗ്രേഡ് -II) തസ്തികകൾ സ്ഥിരം തസ്തികകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് ജില്ലകളിൽനിന്ന് ലഭിച്ച പ്രൊപ്പോസലുകളുടെ ജില്ല തിരിച്ചുള്ള എണ്ണം, ബന്ധപ്പെട്ട ഫയൽ നമ്പറുകൾ, പ്രൊപ്പോസലുകൾ ലഭിച്ച തീയതികൾ, അവയിലെ നിലവിലെ നടപടിക്രമം, ഇതുവരെ കൈക്കൊണ്ട തീരുമാനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രൊപ്പോസലുകൾ ലഭിക്കാത്ത ജില്ലകളുണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും പ്രസ്തുത തസ്തികകൾ സ്ഥിരപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

മറുപടി: സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സൃഷ്ടിച്ചിട്ടുള്ള താൽക്കാലിക ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 തസ്തികകൾ സ്ഥിരതസ്തികകൾ ആക്കുന്നത് സംബന്ധിച്ച ശിപാർശകൾ 25.07.2026, 10.09.2026 തീയതികളിലെ കത്തുകൾ പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിന് ലഭ്യമാക്കിയിരുന്നു. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം , കോഴിക്കോട് ജില്ലകളിലെ ശിപാർശകൾ ആണ് ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്തുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. എല്ലാ ജില്ലകളിലെയും വിവരങ്ങൾ ഉൾപ്പെടുത്തി സമാഹൃത പ്രപ്പോസൽ ലഭ്യമാക്കാനും തസ്തിക സൃഷ്ടിക്കുന്നത് മൂലം ഓരോ പഞ്ചായത്തിനും ഉണ്ടാകുന്ന കൃത്യമായ സാമ്പത്തിക ബാധ്യത (ആവർത്തനം/ അനാവർത്തനം) സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാനും പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്(ഫയൽ നം. EPA2/230/2025-LSGD).

(ബി) 505 ഗ്രാമപഞ്ചായത്തുകളിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികകൾ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 14.01.2026-ലെ എൽ.എസ്.ജി.ഡി/പി.ഡി./37550/2025/ഡി.ഇ.ഇ.4 പ്രകാരം നടപടികൾ തുടരുന്നതായി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത നടപടികൾ ഇതുവരെ പൂർത്തിയാക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി, വിവിധ വകുപ്പു തലങ്ങളിൽ സ്വീകരിച്ച നടപടികൾ, ഇനി പൂർത്തിയാക്കേണ്ട നടപടികൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; തസ്തികകൾ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന സമയപരിധി വ്യക്തമാക്കുമോ;

മറുപടി: സർക്കാർ ആവശ്യപ്പെട്ട സമാഹൃത പ്രപ്പോസൽ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സൃഷ്ടിച്ചിട്ടുള്ള താൽക്കാലിക ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 തസ്തികകൾ സ്ഥിരതസ്തികകൾ ആക്കുന്ന ശിപാർശ സർക്കാർ പരിശോധിച്ചു ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലേക്കുള്ള പി.എസ്.സി. കാറ്റഗറി നമ്പർ 611/2024 റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ 505 ഗ്രാമപഞ്ചായത്തുകളിലെ പ്രസ്തുത താൽക്കാലിക തസ്തികകൾ സ്ഥിരപ്പെടുത്തി റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നിയമനത്തിനായി പരിഗണിക്കുന്ന ഒഴിവുകളുടെ എണ്ണം, പി.എസ്.സി.യുമായി നടത്തിയ കത്തിടപാടുകളുടെ വിശദാംശങ്ങൾ, ഇതുവരെ സ്വീകരിച്ച നടപടികൾ, നിയമനം നടത്തുന്നതിനുള്ള സമയക്രമം എന്നിവ ലഭ്യമാക്കുമോ; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

മറുപടി: സർക്കാർ ആവശ്യപ്പെട്ട സമാഹൃത പ്രപ്പോസൽ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സൃഷ്ടിച്ചിട്ടുള്ള താൽക്കാലിക ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 തസ്തികകൾ സ്ഥിരതസ്തികകൾ ആക്കുന്ന ശിപാർശ സർക്കാർ പരിശോധിച്ചു ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി) 2022-ൽ നിയമിതരായ 505 താൽക്കാലിക ഹെൽത്ത് ഇൻസ്പെക്ടർമാരുടെ കരാർ കാലാവധി 30.09.2026-ന് അവസാനിച്ച സാഹചര്യത്തിൽ, പുതിയ ഉദ്യോഗാർത്ഥികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട് 30.07.2026-ലെ ഇ.പി.എ2/6/2026-എൽ.എസ്.ജി.ഡി കത്തിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; അങ്ങനെയിരിക്കെ, നിലവിലുള്ള താൽക്കാലിക ജീവനക്കാരെ വീണ്ടും നിലനിർത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി 27.09.2026-ലെ സ.ഉ.(സാധാ) നം.1821/2026 പുറപ്പെടുവിക്കാനുണ്ടായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സേവനകാലാവധി ദീർഘിപ്പിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം എത്രയാണ്; പ്രസ്തുത ഉത്തരവ് പുനഃപരിശോധിച്ച് സ്ഥിരം നിയമന നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

മറുപടി: 30.07.2026 ലെ കത്ത് പ്രകാരം, 2026 ഒക്ടോബർ മാസം ഒന്നാം തീയതി നിയമനം ലഭിക്കത്തക്കവിധത്തിൽ 505 ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്ക്കാലികമായി നിയമിക്കുവാൻ ഉടനടി നടപടി സ്വീകരിക്കുവാൻ എൽ.എസ്.ജി.ഡി പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. നിലവിൽ 505 ഗ്രാമ പഞ്ചായത്തുകളിൽ ജോലിയിൽ തുടർന്ന് കൊണ്ടിരിക്കുന്ന ഹെൽത്ത് ഇൻസ്പെക്ടർ മാരിൽ ഭൂരിഭാഗം പേർക്കും ഇനി പി എസ് എസി എഴുതുന്നതിനോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലിയിൽ പ്രവേശിക്കുന്നതിനോ കഴിയാത്തവരാണ് എന്നും സെപ്റ്റംബർ 30 വരെ നീട്ടി നൽകിയിരുന്ന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി നൽകണം എന്നും ആവശ്യപ്പെട്ടുകൊണ്ടു ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സംഘടന സമർപ്പിച്ച നിവേദനം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും, തുടർന്ന് 27.09.2026 ലെ സ.ഉ (സാധാ) നം 1821/2026/ എൽ എസ് ജി ഡി പ്രകാരം ഹെൽത്ത് ഇൻസ്പെക്ടർ മാരുടെ നിയമനം സംബന്ധിച്ച് നിർദേശങ്ങൾ പുറപ്പെടുവിച്ചു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിൽ കരാർ കാലാവധി ഇനി നീട്ടി നൽകേണ്ടതില്ല എന്നും, ഇവരുടെ സേവനം ആവശ്യമുള്ള തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നും വേതനം നൽകി കൗൺസിലിൽ സമർപ്പിച്ചു തീരുമാനം എടുക്കാവുന്നതാണ് എന്നും നിർദേശിച്ചിട്ടുണ്ട്.

(ഇ) പകർച്ചവ്യാധി പ്രതിരോധം, രോഗനിരീക്ഷണം, ശുചിത്വ പരിശോധന, പൊതുജനാരോഗ്യ സംരക്ഷണം തുടങ്ങിയ നിരന്തര സ്വഭാവമുള്ള പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ ആവശ്യമായ പി.എച്ച്.ഐ ഗ്രേഡ് -II തസ്തികകൾ ദീർഘകാലമായി താൽക്കാലികമായി നിലനിർത്തുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത തസ്തികകൾ സ്ഥിരപ്പെടുത്തി പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിനും ഭാവിയിൽ ഇത്തരം തസ്തികകളിൽ ആവർത്തിച്ചുള്ള താൽക്കാലിക നിയമനങ്ങൾ ഒഴിവാക്കുന്നതിനും സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങളും നടപ്പാക്കൽ സമയക്രമവും ലഭ്യമാക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ?

മറുപടി: സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സൃഷ്ടിച്ചിട്ടുള്ള താൽക്കാലിക ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 തസ്തികകൾ സ്ഥിരതസ്തികകൾ ആക്കുന്നത് സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ പരിശോധിക്കുകയും, എല്ലാ ജില്ലകളിലെയും വിവരങ്ങൾ ഉൾപ്പെടുത്തി സമാഹൃത പ്രപ്പോസൽ ലഭ്യമാക്കാനും നിർദേശിച്ചിട്ടുണ്ട്. സമാഹൃത പ്രപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സൃഷ്ടിച്ചിട്ടുള്ള താൽക്കാലിക ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 തസ്തികകൾ സ്ഥിരതസ്തികകൾ ആക്കുന്ന ശിപാർശ സർക്കാർ പരിശോധിച്ചു ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

ക്രമനമ്പർ	ജില്ല	ഗ്രാമപഞ്ചായത്ത്
1	തിരുവനന്തപുരം	ആനാട്
2	തിരുവനന്തപുരം	മണമ്പൂർ
3	തിരുവനന്തപുരം	വെങ്ങാന്നൂർ
4	തിരുവനന്തപുരം	പൂവച്ചൽ
5	തിരുവനന്തപുരം	കരവാരം
6	തിരുവനന്തപുരം	പാങ്ങോട്
7	പത്തനംതിട്ട	ആറന്മുള
8	പത്തനംതിട്ട	അരുവാപ്പുലം
9	പത്തനംതിട്ട	കൊടുമൺ
10	പത്തനംതിട്ട	കുളനട
11	പത്തനംതിട്ട	പന്തളം തെക്കേക്കര
12	പത്തനംതിട്ട	പ്രമാടം
13	പത്തനംതിട്ട	റാന്നി
14	പത്തനംതിട്ട	ഏഴംകുളം
15	ആലപ്പുഴ	കോടംതുരുത്ത്
16	ആലപ്പുഴ	പത്തിയൂർ
17	ആലപ്പുഴ	തണ്ണീർമുക്കം

18	എറണാകുളം	എടയ്ക്കാട്ടുവയൽ
19	എറണാകുളം	ചെങ്ങമനാട്
20	എറണാകുളം	കീഴ്മാട്
21	തൃശ്ശൂർ	ആളൂർ
22	തൃശ്ശൂർ	കോടശ്ശേരി
23	തൃശ്ശൂർ	മതിലകം
24	തൃശ്ശൂർ	തൃക്കൂർ
25	തൃശ്ശൂർ	എടവിലങ്ങ്
26	തൃശ്ശൂർ	കൊടകര
27	തൃശ്ശൂർ	കോലഴി
28	തൃശ്ശൂർ	മുരിയാട്
29	തൃശ്ശൂർ	പൊയ്യ
30	തൃശ്ശൂർ	പുത്തൂക്കാട്
31	തൃശ്ശൂർ	ശ്രീനാരായണപുരം
32	തൃശ്ശൂർ	താന്ന്യം
33	തൃശ്ശൂർ	വരന്തരപ്പിള്ളി
34	തൃശ്ശൂർ	

		കൈപ്പമംഗലം
35	തൃശ്ശൂർ	പുത്തൂർ
36	തൃശ്ശൂർ	മറ്റത്തൂർ
37	തൃശ്ശൂർ	പെരിഞ്ഞനം
38	തൃശ്ശൂർ	ചേലക്കര
39	തൃശ്ശൂർ	കാട്ടൂർ
40	പാലക്കാട്	കണ്ണമ്പ്ര
41	പാലക്കാട്	കിഴക്കഞ്ചേരി
42	പാലക്കാട്	കൊഴിഞ്ഞാമ്പാറ
43	പാലക്കാട്	തേങ്കുറിശ്ശി
44	പാലക്കാട്	ആനക്കര
45	പാലക്കാട്	അമ്പലപ്പാറ
46	പാലക്കാട്	ചാലിശ്ശേരി
47	പാലക്കാട്	കടമ്പഴിപ്പുറം
48	പാലക്കാട്	കണ്ണാടി
49	പാലക്കാട്	കല്ലുക്കല്ലൂർ
50	പാലക്കാട്	ലക്കിടി-പേരൂർ
51	പാലക്കാട്	മാത്തൂർ
52	പാലക്കാട്	മുതുതല
53	പാലക്കാട്	നാഗലശ്ശേരി
54	പാലക്കാട്	പരുത്തൂർ
55	പാലക്കാട്	പട്ടഞ്ചേരി

56	പാലക്കാട്	പിരായിരി
57	പാലക്കാട്	പുതുക്കോട്
58	പാലക്കാട്	തത്തൂർ
59	പാലക്കാട്	തിരുമിറ്റക്കോട്
60	പാലക്കാട്	തൃക്കടീരി
61	പാലക്കാട്	വടകരപ്പതി
62	പാലക്കാട്	വണ്ടാഴി
63	പാലക്കാട്	അകത്തേത്തറ
64	പാലക്കാട്	കപ്പൂർ
65	പാലക്കാട്	കാരാകുറിശ്ശി
66	പാലക്കാട്	കൊടുമ്പ്
67	പാലക്കാട്	പെരുമാട്ടി
68	പാലക്കാട്	വാണിയകുളം
69	മലപ്പുറം	എടക്കര
70	മലപ്പുറം	കരുവാരക്കുണ്ട്
71	മലപ്പുറം	ചാലിയാർ
72	മലപ്പുറം	വഴിക്കടവ്
73	മലപ്പുറം	കാവന്നൂർ
74	മലപ്പുറം	കീഴുപറമ്പ്
75	മലപ്പുറം	ചീക്കോട്
76	മലപ്പുറം	ചെറുകാവ്
77	മലപ്പുറം	ചേലേമ്പ്ര
78	മലപ്പുറം	പള്ളിക്കൽ
79	മലപ്പുറം	

		പുളിക്കൽ
80	മലപ്പുറം	പുൽപ്പറ്റ
81	മലപ്പുറം	ഏലംകുളം
82	മലപ്പുറം	കീഴാറ്റൂർ
83	മലപ്പുറം	വെട്ടത്തൂർ
84	മലപ്പുറം	ഊരകം
85	മലപ്പുറം	കോഡൂർ
86	മലപ്പുറം	പൂക്കോട്ടൂർ
87	മലപ്പുറം	പൊന്മള
88	മലപ്പുറം	മൂർക്കനാട്
89	മലപ്പുറം	മൊറയൂർ
90	മലപ്പുറം	എ ആർ നഗർ
91	മലപ്പുറം	നന്നമ്പ്ര
92	മലപ്പുറം	മുന്നിയൂർ
93	മലപ്പുറം	വള്ളിക്കുന്ന്
94	മലപ്പുറം	വേങ്ങര
95	മലപ്പുറം	പരുവള്ളൂർ
96	മലപ്പുറം	ഒഴൂർ

97	മലപ്പുറം	ചെറിയമുണ്ടം
98	മലപ്പുറം	പൊന്മുണ്ടം
99	മലപ്പുറം	എടപ്പാൾ
100	മലപ്പുറം	എടയൂർ
101	മലപ്പുറം	മാറഞ്ചേരി
102	മലപ്പുറം	വട്ടംകുളം
103	മലപ്പുറം	വെളിയങ്കോട്
104	കോഴിക്കോട്	കീഴരിയൂർ
105	കോഴിക്കോട്	ചങ്ങരോത്ത്
106	കോഴിക്കോട്	ഏറാമല
107	കോഴിക്കോട്	അത്തോളി
108	കോഴിക്കോട്	നടുവണ്ണൂർ
109	കോഴിക്കോട്	തുറയൂർ
110	കോഴിക്കോട്	ഉള്ളിയേരി
111	കോഴിക്കോട്	അരിക്കുളം
112	കോഴിക്കോട്	കാക്കൂർ
113	കോഴിക്കോട്	കടലുണ്ടി
114	കോഴിക്കോട്	വില്ല്യാപ്പള്ളി
115	കോഴിക്കോട്	ചേമഞ്ചേരി
116	കോഴിക്കോട്	കോട്ടൂർ
117	കോഴിക്കോട്	ചാത്തമംഗലം

118	കോഴിക്കോട്	ഒാമശ്ശേരി
119	കോഴിക്കോട്	ചോറോട്
120	കോഴിക്കോട്	ചെറുവണ്ണൂർ
121	കോഴിക്കോട്	ചേളന്നൂർ
122	കോഴിക്കോട്	മൂടാടി
123	കോഴിക്കോട്	ഏറാമല
124	കോഴിക്കോട്	മേപ്പയൂർ
125	കോഴിക്കോട്	മണിയൂർ
126	കോഴിക്കോട്	കുന്ദമംഗലം
127	കോഴിക്കോട്	തുണേരി
128	കോഴിക്കോട്	പുറമേരി
129	കോഴിക്കോട്	മടവൂർ
130	കോഴിക്കോട്	കിഴക്കോത്ത്
131	കോഴിക്കോട്	ചെങ്ങോട്ട് കാവ്
132	കോഴിക്കോട്	നരിപ്പറ്റ
133	കോഴിക്കോട്	പനങ്ങാട്
134	കോഴിക്കോട്	തിരുവള്ളൂർ
135	കോഴിക്കോട്	ഉണ്ണികുളം
136	കോഴിക്കോട്	ഒളവണ്ണ
137	കോഴിക്കോട്	കായക്കൊടി
138	കോഴിക്കോട്	നരിക്കുനി
139	കോഴിക്കോട്	പുതുപ്പാടി
140	കോഴിക്കോട്	തിരുവമ്പാടി
141	കോഴിക്കോട്	നൊച്ചാട്
142	കോഴിക്കോട്	വളയം